പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2358 — 14/06/2019 ൽ മറുപടിക്ക്

## ടെൽക്കിന്റെ അടിസ്ഥാനസൗകര്യ വികസനം

ചോദ്യം — മറുപടി

ശ്രീ.റോജി എം. ജോൺ — ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | 2007 ൽ കേരള സർക്കാരും എൻ.റ്റി.പി.സി. യുമായി ഒപ്പവച്ച സംയുക്ത കരാർ അനുസരിച്ച് ടെൽക്കിന് ലഭ്യമാക്കേണ്ട ടെക്നോളജി പാർട്ണർ, പ്ലാന്റ് നവീകരണം, അടിസ്ഥാന സൗകര്യ വികസനം മുതലായ കാര്യങ്ങളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | എ) | NTPC-യുമായി ഒപ്പ് വച്ച സംയുക്ത കരാർ അനുസരിച്ചുള്ള പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ ടെൽക്കിൽ നടന്നിട്ടില്ല. എന്നാൽ ടെക്നോളജി പാർട്ട്ണറെ കണ്ടെത്തുവാനും അതു വഴി ആധുനികവൽക്കരണ നവീകരണ പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |
| ബി) | ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായതിന്റെ കാരണമെന്താണ്; | ബി) | ടെൽക്കിന് അനുയോജ്യമായ ടെക്നോളജി പാർട്ട്ണറെ കണ്ടെത്തുവാൻ കഴിയാത്തതും പവർ ട്രാൻസ്ഫോർമർ ഉല്പാദന മേഖലയിലെ മാന്ദ്യവുമാണ് ഇതിനു കാരണം. |
| സി) | ടെൽക്കിന് ഈ സർക്കാർ കാലയളവിൽ ബജറ്റിൽ എന്ത് വിഹിതമാണ് നീക്കിവച്ചിട്ടുള്ളത്; അത് പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ; | സി) | VPD എന്ന ആധുനിക സംവിധാനത്തിനായി ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| ഡി) | ടെൽക്കിൽ സാങ്കേതിക യോഗ്യതയുള്ള ജനറൽ മാനേജരുടെ തസ്തിക രണ്ട് വർഷമായി ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ; | ഡി) | ടെൽക്കിൽ സാങ്കേതിക യോഗ്യതയുള്ള ജനറൽ മാനേജർ എന്ന തസ്തിക നിലവിലില്ല. കമ്പനിയിൽ ജനറൽ മാനേജർ എന്നത് പ്രൊമോഷൻ തസ്തികയാണ്. |

| | | |
|---|---|---|
| ഇ) | ടെൽക്കിൽ 2017-18 ലും 2018-19 ലും നിശ്ചയിച്ചിരുന്ന ഉത്പാദനത്തിന്റെ എത്ര ശതമാനം കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കമോ? | ഇ) 2017-18 -ൽ 69%വും 2018-19-ൽ 88%വും ഉല്പാദനം കൈവരിക്കുവാൻ ടെൽക്കിന് കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ